സഹകരണസംഘങ്ങളുടെ പ്രവർത്തനം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി

84 (1283) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ നിലനില്പിന് ആധാരമായി പ്രവർത്തിക്കാൻ കഴിയുന്ന പുതിയ മേഖലകൾ കണ്ടെത്തുന്നതിനെ സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും പഠനം നടത്തുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് മുൻതൂക്കം നൽകികൊണ്ടുള്ള പുതിയ മേഖലകളിൽ സഹകരണസംഘം പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ടൂറിസം വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന് പ്രവർത്തിക്കാൻ കഴിയുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിനും ഏതെങ്കിലും സഹകരണ സംഘം ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഗവൺമെന്റ് ഇതിന്മേൽ എന്തു തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ ;

(ജി) ടൂറിസം വികസന മേഖലയിൽ സഹകരണ സംഘങ്ങൾ പ്രവേശിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പഠനം നടത്തിയിട്ടില്ല.

(ഡി) വിലയിരുത്തിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ടൂറിസം വികസന മേഖലയിൽ സഹകരണ സംഘങ്ങൾ ഇപ്പോൾതന്നെ പ്രവർത്തിക്കുന്നുണ്ട്.

ഫാക്ട് ഏറ്റെടുക്കൽ

85 (1284) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ട് ഏറ്റെടുത്ത് നടത്തുന്നതിനായി സഹകരണ മേഖലയിൽ പുതുതായി ഒരു സംഘം രജിസ്റ്റർ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly